# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5044 — 22..05..2017 -ൽ മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ നിലവാരം

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| ശ്രീ. പി.കെ.ബഷീർ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത് ; | (എ) | ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള കോഴ്സുകളെ സംബന്ധിക്കുന്ന വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കോളേജുകളുടെ നിലവാരം ഉയർത്തുവാനും നൂതന കോഴ്സുകൾ ആരംഭിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | Technical Education Quality Improvement Programme Phase I (TEQIP Phase I) ൽ ഉൾപ്പെടുത്തി മോഡൽ എഞ്ചിനിയറിംഗ് കോളേജ്, എറണാകുളത്തും, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂരിലും, Technical Education Quality Improvement Programme Phase II (TEQIP Phase II) ൽ ഉൾപ്പെടുത്തി ചേർത്തല, അടൂർ, കരുനാഗപള്ളി എന്നീ എഞ്ചിനിയറിംഗ് കോളേജുകളുടേയും നിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള വിവിധയിനം പരിപാടികൾ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. |

കൂടാതെ പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട് എന്നിവ വിനിയോഗിച്ച് ഐ.എച്ച്.ആർ.ഡിയുടെ മറ്റ് എഞ്ചിനിയറിംഗ് കോളേജുകളുടേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്കായി ഇന്റേൺഷിപ്പ്, കരിയർ ഗൈഡൻസ്, ഇൻഡസ്ട്രി ഇന്ററാക്ഷൻ പ്രോഗ്രാം എന്നിങ്ങനെ വിവിധയിനം പരിപാടികൾ നടത്തുന്നുണ്ട്. അധ്യാപകർക്കായി ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, പെഡഗോഗി ട്രെയിനിംഗ്, ഇൻഡസ്ട്രി ഇന്ററാക്ഷൻ എന്നിങ്ങനെയുള്ള പ്രോഗ്രാമുകൾ നടത്തുന്നുണ്ട്. എഞ്ചിനിയറിംഗ് കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾക്ക് NBA (National Board of Accreditation) അക്രഡിറ്റേഷൻ ലഭിച്ചാൽ മാത്രമേ അതത് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ NBA യുടെ (National Board of Accreditation) അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ അതത് കോളേജുകളിൽ പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | 2013-നു മുൻപ് മുതൽ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ ജോലി നോക്കിവരുന്ന അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | 01.04.2013 ന് മുൻപ് ഐ.എച്ച്.ആർ.ഡി.യിൽ ജോലി യിൽ പ്രവേശിച്ച എല്ലാ സ്ഥിരം ജീവനക്കാർക്കും പെൻഷൻ നടപ്പിലാക്കുവാനായി ഐ.എച്ച്.ആർ.ഡി യുടെ 94 ാം മത് എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത കോളേജുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും മറ്റിതര ചെലവുകൾക്കും ആവശ്യമായ ഫണ്ട് വർഷാവർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ദൈനംദിന പ്രവർത്തനങ്ങൾക്കും മറ്റിതര ചെലവുകൾക്കും ആവശ്യമായ ഫണ്ട് വർഷാവർഷം ഐ.എച്ച്.ആർ.ഡിയുടെ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ടി ആവശ്യങ്ങൾക്കുള്ള ഫണ്ടിന്റെ ഒരു വിഹിതം സംസ്ഥാന ബഡ്ജറ്റിലും ഉൾപ്പെടുത്തുന്നുണ്ട്. |

Reek

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

## ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ

### I. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, എറണാകുളം

1. എം.ടെക്ക് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (വി.എൽ.എസ്.ഐ ആന്റ് എംബഡഡ് സിസ്റ്റംസ്)
2. എം.ടെക് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് (സിഗ്നൽ പ്രോസസിംഗ്)
3. എം.ടെക് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് (ഒപ്റ്റോ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റംസ്)
4. എം.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ് (ഇമേജ് പ്രോസസിംഗ്)
5. എം.ടെക് മെക്കാനിക്കൽ എഞ്ചിനിയറിംഗ് (എനർജി മാനേജ്മെന്റ്)
6. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്
7. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് ബയോമെഡിക്കൽ എഞ്ചിനിയറിംഗ്
8. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്
9. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്.
10. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് (പാർട്ട്ടൈം)

### II. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂർ

1. എം.ടെക് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് (വി.എൽ.എസ്.ഐ ആന്റ് എംബഡഡ് സിസ്റ്റംസ്)
2. എം.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ് (ഇമേജ് പ്രോസസിംഗ്)
3. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്
4. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്
5. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്
6. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ

### III. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, അടൂർ

1. എം.ടെക് മെക്കാനിക്കൽ എഞ്ചിനിയറിംഗ് (തെർമൽ എഞ്ചിനിയറിംഗ്)
2. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്
3. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്
4. ബി.ടെക് മെക്കാനിക്കൽ എഞ്ചിനിയറിംഗ്
5. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്

### IV. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കരുനാഗപ്പള്ളി

1. എം.ടെക് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് (സിഗ്നൽ പ്രോസസിംഗ്)
2. എം.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ് (ഇമേജ് പ്രോസസിംഗ്)
3. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്
4. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്
5. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്

V. **കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചേർത്തല**

1. എം.ടെക് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് (സിഗ്നൽ പ്രോസസിംഗ്)
2. എം.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ് (കമ്പ്യൂട്ടർ ആന്റ് ഇൻഫർമേഷൻ സയൻസ്)
3. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്
4. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്
5. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്

VI. **കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കല്ലൂപ്പാറ**

1. എം.ടെക് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് (സിഗ്നൽ പ്രോസസിംഗ്)
2. എം.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ് (സൈബർ ഫോറൻസിക്സ് ആന്റ് ഇൻഫർമേഷൻ സെക്യൂരിറ്റി)
3. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്
4. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്
5. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്

VII. **കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊട്ടാരക്കര**

1. ബി.ടെക്ക് കംപ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
2. ബി.ടെക്ക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്

VIII. **കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പൂഞ്ഞാർ**

1. എം.ടെക് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് (സിഗ്നൽ പ്രോസസിംഗ്)
2. എം.ടെക് കമ്പ്യൂട്ടർ സയൻസ് (കമ്പ്യൂട്ടർ ആന്റ് ഇൻഫർമേഷൻ സയൻസ്)
3. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്
4. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്
5. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്

IX. **കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറ്റിങ്ങൽ**

1. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനിയറിംഗ്
2. ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്
3. ബി.ടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്

Reeffy

*സെക്ഷൻ ഓഫീസർ*